**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3171 — 07-11-2019 -ൽ മറുപടിക്ക്

## ദുരന്ത നിവാരണ ചെലവുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.വി.വിജയദാസ്** | | **ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ദുരന്ത നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് 2019 സെപ്റ്റംബർ 30 വരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും 2019 നവംബർ 6 വരെ ചെലവഴിച്ച തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |
| ബി) | ഇതിൽ കേന്ദ്രത്തിൽ നിന്നും എത്ര കോടി രൂപ ലഭിച്ചുവെന്നറിയിക്കുമോ; | ബി) & സി | സംസ്ഥാന ദുരന്ത പ്രതികരണനിധിയിലേയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു. |
| സി) | സംസ്ഥാന സർക്കാർ പ്രസ്തുത തീയതി വരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | | |

| സാമ്പത്തികവർഷം | ചെലവഴിച്ച തുക (കോടിയിൽ) |
|---|---|
| 2016-17 | 152.30 |
| 2017-18 | 193.64 |
| 2018-19 | 1317.63 |
| 2019-20 (06/11/2019 വരെ) | 784.90 |

| വർഷം | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം |
|---|---|---|
| 2016-17 | 145.50 | 48.50 |
| 2017-18 | 153.00 | 51.00 |
| 2018-19 | 160.50 | 53.50 |
| 2019-20 | 84.375 | 28.125 |

2016-17 ലെ വരൾച്ചയുമായി ബന്ധപ്പെട്ട് അടിയന്തിര സഹായമായി 31.72 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിരുന്നു. ഓഖിയുമായി ബന്ധപ്പെട്ട് 133 കോടി രൂപയുടെ അടിയന്തിര സഹായം അനുവദിക്കുകയും ഓഖിക്കായി അനുവദിച്ച സഹായത്തിൽ 21.30 കോടി രൂപ അധികമായി

| | | | |
|---|---|---|---|
| | | | അനുവദിച്ചതായി 26/02/2018 ൽ ചേർന്ന നാഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സബ് കമ്മിറ്റി പരിശോധിച്ച് കണ്ടെത്തുകയും അധികമായി അനുവദിച്ച തുക ഇനി വരുന്ന ദുരന്തങ്ങൾ നേരിടുവാൻ ഉപയോഗിക്കുവാനും നിർദ്ദേശിക്കുകയുണ്ടായി. 2018 ലെ പ്രളയവുമായി ബന്ധപ്പെട്ട് കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് 2904.85 കോടി രൂപയുടെ അടിയന്തിര സഹായവും അനുവദിച്ചിട്ടുണ്ട്. കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിക്കുന്ന തുകയോടൊപ്പം സംസ്ഥാന വിഹിതവും ചേർത്ത് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ ക്രെഡിറ്റ് ചെയ്യുകയും സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരം ദുരന്ത പ്രതികരണത്തിന് വിനിയോഗിക്കുന്നു. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് ജില്ലകളിൽ ചെലവഴിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | ചെലവഴിച്ച തുക |
|---|---|
| തിരുവനന്തപുരം | 344,75,80,178 |
| കൊല്ലം | 50,21,09,672 |
| പത്തനംതിട്ട | 254,92,11,252 |
| ആലപ്പുഴ | 460,09,85,243 |
| കോട്ടയം | 360,28,00,000 |
| ഇടുക്കി | 68,48,34,580 |
| എറണാകുളം | 431,51,16,678 |
| തൃശ്ശൂർ | 202,59,83,261 |
| പാലക്കാട് | 203,83,04,806 |
| മലപ്പുറം | 34,38,24,392 |
| കോഴിക്കോട് | 56,00,18,212 |
| വയനാട് | 30,47,31,677 |
| കണ്ണൂർ | 4,29,80,809 |
| കാസറഗോഡ് | 17,82,12,597 |

സെക്ഷൻ ഓഫീസർ